**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** **16-09-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തേക്കുള്ള നാലുവരി പാതയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച നാലുവരി പാതയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ ബന്ധിപ്പിക്കുന്ന 3 നാലുവരി പാത റോഡുകളാണുള്ളത്<br><br>**റോഡ് 1 - തലശ്ശേരി-കൊടുവള്ളി - മമ്പറം അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ്**<br><br>തലശ്ശേരി മാഹി ബൈപ്പാസിൽ ബാലത്തിൽ നിന്നും തുടങ്ങി പിണറായി - മമ്പറം - അഞ്ചരക്കണ്ടി - എന്നിവയെ ബന്ധിപ്പിച്ച് മട്ടന്നൂർ ടൗണിന് സമീപം വായന്തോടിൽ അവസാനിക്കുന്ന നാല് വരിപ്പാതയാണ്. 21.976 കിലോമീറ്റർ നീളവും 24 മീറ്റർ വീതിയുമുള്ള നിർദ്ദിഷ്ട പാതയ്ക്ക് 39.93 ഹെക്ടർ ഭൂമിയാണ് നിർമാണത്തിനായി ഏറ്റെടുക്കേണ്ടത്. ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം 08.01.2025 ന് പ്രസിദ്ധീകരിച്ചു. സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് നഷ്ടപരിഹാര തുക കൈമാറുന്നതും പ്രസ്തുത പ്രവൃത്തി ടെണ്ടറിംഗ് നടപടികളിലേക്ക് കടക്കുന്നതുമാണ്.<br><br>**റോഡ്-2കുറ്റ്യാടി-നാദാപുരം പെരിങ്ങത്തൂർ-മേക്കുന്ന്-പാനൂർ - പൂക്കോട്-കൂത്തുപറമ്പ-മട്ടന്നൂർ എയർപ്പോർട്ട് റോഡ്-53.15 കി.മീ**<br><br>കുറ്റ്യാടിയിൽ നിന്നും ആരംഭിച്ച് നാദാപുരം വഴി കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ – മേക്കുന്ന്- പാനൂർ-പൂക്കോട്- കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കണ്ണൂർ എയർപ്പെർട്ട് സമീപം അവസാനിക്കുന്ന നാല് വരിപ്പാതയാണ്. പെരിങ്ങത്തൂർ മുതൽ എയർപ്പോർട്ട് വരെയുള്ള റോഡിന് 28.55 കി.മീ നീളമാണുള്ളത്. കൂത്തുപറമ്പ്, തലശ്ശേരി, മട്ടന്നൂർ നിയമസഭാ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയ്ക്ക് 39.863 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. 4(1) വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിച്ച് സാമൂഹ്യാഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർവ്വെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് നഷ്ടപരിഹാര തുക കൈമാറുന്നതും. പ്രവൃത്തി ടെണ്ടറിംഗ് നടപടികളിലേക്ക് കടക്കുന്നതുമാണ്.<br><br>**<u>റോഡ് - 3. മാനന്തവാടി - പേരാവൂർ - മട്ടന്നൂർ എയർപോർട്ട് റോഡ്</u>**<br><br>മാനന്തവാടി മുതൽ അമ്പായത്തോട് വരെ 18.00 കി.മീ നീളത്തിൽ മലയോരഹൈവേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അമ്പായത്തോട് മുതൽ മട്ടന്നൂർ വരെ 40 കി.മീ നീളത്തിലുള്ള നിർദ്ദിഷ്ട എയർപ്പോർട്ട് കണക്ടിവിറ്റി റോഡ് നിലവിൽ നാലുവരിപ്പാതയായാണ് വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. 84.906 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1) എന്നീ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം സർവ്വെ നടപടികൾ പൂർത്തിയാക്കി കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും മൂല്യനിർണ്ണയം നിശ്ചയിച്ചതിനുശേഷം കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസീദ്ധീകരിച്ച് നഷ്ടപരിഹാരം തുക കൈമാറുന്നതും പ്രവൃത്തി ടെണ്ടറിംഗ് നടപടികളിലേക്ക് കടക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ നടപടി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ